**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 796** — **13-6-2012 - ൽ മറുപടിയ്ക്ക്**

## ചേലക്കര മണ്ഡലത്തിലെ തടയണകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചേലക്കര മണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പൈങ്കുളം, കുട്ടിൽമുക്ക്, കൊടപ്പാറക്കയം എന്നീ തടയണകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>(ബി) പ്രസ്തുത തടയണകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ്: | (എ) & (ബി)<br><br>2-11-2009-ലെ G.O.(Rt) No.1226/ 2009/WRD നമ്പർ ഉത്തരവു പ്രകാരം പൈങ്കുളം, കുട്ടിൽമുക്ക്, കൊടപ്പാറക്കയം എന്നീ ചെക്ക്ഡാമുകൾക്ക് ഭരണാനുമതി നൽകിയെങ്കിലും 2011-ൽ റേറ്റ് റിവിഷൻ നിലവിൽ വന്നതിനാൽ അതനുസരിച്ച് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ച പൈങ്കുളം ചെക്ക്ഡാം, കുട്ടിൽമുക്ക് ചെക്ക്ഡാം എന്നിവയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചുവരുന്നു. കൊടപ്പാറക്കയം ചെക്ക്ഡാം നിർദ്ദിഷ്ട സ്ഥാനത്ത് നിർമ്മാണയോഗ്യമല്ല എന്ന് ഐ.ഡി.ആർ.ബി. റിപ്പോർട്ടനുസരിച്ച് പുതിയ സ്ഥാനത്ത് ഇൻവെസ്റ്റിഗേഷൻ നടത്താൻ ടെൻഡർ വിളിച്ചിട്ടുണ്ട്. |
| (സി) സാങ്കേതികാനുമതി ലഭ്യമാക്കി പ്രസ്തുത തടയണകളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പ്രസ്തുത തടയണകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**